**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 334** **01-02-2023 - ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണത്തിനുള്ള യൂസർ ഫീ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യ സംസ്കരണത്തിനു വേണ്ടി യൂസർ ഫീസ് പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ വിശദാംശം വെളിപ്പെടുത്താമോ ; | (എ) | 08-04-2016-ൽ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാനം മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ 13-09-2018-ലെ സ.ഉ (പി) നം. 65/2018/ത.സ്വ.ഭ.വ പ്രകാരമുള്ള സംസ്ഥാന ഖരമാലിന്യ നയം പ്രകാരം യൂസർ ഫീ ഈടാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മാലിന്യം ശേഖരിക്കുന്നതിനു വേണ്ടി ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്.<br>നവകേരളം കർമ്മ പരിപാടിയുടെ ഭാഗമായ ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗ രേഖയായ 15-07-2017-ലെ സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവ് പ്രകാരം ഹരിത കർമ്മ സേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിന് പരമാവധി 60/- രൂപ എന്നാണ് നിശ്ചയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പല തദ്ദേശ സ്ഥാപനങ്ങളും നിശ്ചയിച്ച യൂസർ ഫീ ഹരിത കർമ്മ സേനകൾക്ക് ഉപജീവനത്തിനുള്ള വരുമാനം ലഭ്യമാക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ 12-08-2020-ലെ സ.ഉ (സാധാ) നം. 1496/2020/ത.സ്വ.ഭ.വ നം. സർക്കാർ ഉത്തരവ് പ്രകാരം ഹരിത കർമ്മ സേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ പുതുക്കി നിശ്ചയിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്.<br>പുതുക്കിയ ഉത്തരവ് പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ വീടുകൾക്ക് 50/- രൂപയും നഗര പ്രദേശങ്ങളിൽ 70/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയും ഈടാക്കി വരുന്നു. (സ്ഥാപനത്തിന്റെ വലിപ്പം പ്രതിദിനം രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവ് എന്നിവയ്ക്കനുസരിച്ച് |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിന്റെ നിരക്ക് വ്യത്യാസപ്പെടുന്നതാണ്). ഇത് സംബന്ധിച്ച് 06.01.2023 ലെ സ.ഉ (സാധാ)നം. 41/2023/ത.സ്വ.ഭ.വ നം .സർക്കാർ ഉത്തരവ് പ്രകാരം കൂടുതൽ വ്യക്തത വരുത്തിയും സ്പഷ്ടീകരണം നൽകിയും ഉത്തരവ് നല്കിയിട്ടുണ്ട്. |
| (സി) | ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി വീട്ടുകളിൽനിന്നു അനധികൃതമായി യൂസർ ഫീ ഈടാക്കുന്നതായുള്ള പരാതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | അത്തരത്തിലുള്ള പരാതി ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ ഹരിത കർമ്മ സേന പ്രവർത്തനത്തെ പ്രതികൂലമായിബാധിക്കുന്ന തരത്തിലുള്ള ചില വ്യാജ പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 06-01-2023-ലെ സ.ഉ (സാധാ) നം. 41/2023/ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവ് പ്രകാരം ഇത്തരത്തിൽ വ്യാജ പ്രചരണം നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് അതാത് ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വീട്ടുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ഏതു രീതിയിൽ സംസ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദീകരണം നൽകാമോ? | (ഡി) | വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന ശേഖരിക്കുന്ന പാഴ് വസ്തുക്കൾ വാർഡ് തലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്കോ/ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്കോ എത്തിച്ച് അവയുടെ പുന:ചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനി മുഖേനയോ, പാഴ് വസ്തു വ്യാപാരികൾ മുഖേനയോ പുന:ചംക്രമണത്തിനോ പുനരുപയോഗത്തിനോ കൈമാറി വരുന്നു |

സെക്ഷൻ ഓഫീസർ